'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങൾ കൗൺസിൽ തീരുമാനപ്രകാരം നടത്തുന്ന ഔദ്യോഗിക യാത്രകൾക്ക് യാത്രപ്പടി അനുവദിച്ച് ഉത്തരവാകുന്നു.

## തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.1313/2019/LSGD തീയതി,തിരുവനന്തപുരം, 27/06/2019

പരാമർശം:- 1 സ.ഉ.(അച്ചടി)നം.137/2009/ത.സ്വ.ഭ.വ തീയതി 20.07.2009

2 ദേശീയ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 05.02.2019-ലെ 25-ാമത് യോഗത്തിന്റെ 5.2-ാം നമ്പർ തീരുമാനം.

3 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 19.03.2019-ലെ 1050/ഇ.ജി.എസ്.ഡി/18/ആർ.ഇ.ജി.എസ് നമ്പർ കത്ത്

## ഉത്തരവ്

കേരള സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ചട്ടങ്ങൾ, 2009-ലെ ചട്ടം 4(3) പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങൾക്ക് കൗൺസിൽ/നിർവ്വാഹക സമിതി യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്-I ജീവനക്കാർക്ക് അർഹമായ നിരക്കിൽ യാത്രാപ്പടി അനുവദിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങൾ കൗൺസിൽ തീരുമാന പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്കായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നടത്തുന്ന യാത്രകൾക്കും സമാനമായ നിരക്കിൽ അർഹമായ യാത്രാപ്പടി അനുവദിക്കണമെന്ന് 05.02.2019-ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ പരാമർശം(2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർ ശം ( 3 ) പ്രകാരം എം.ജി.എൻ.ആർ.ജി.എസ് മിഷൻ ഡയറക്ടറും അഭ്യർത്ഥിച്ചിട്ടുണ്ട്..

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർ ശം ( 2 ) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങൾ കൗൺസിൽ തീരുമാന പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്കായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നടത്തുന്ന യാത്രകൾക്ക് സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ്-I ഓഫീസർമാർക്ക് അനുവദനീയമായ നിരക്കിലുള്ള യാത്രാപ്പടി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
DEPUTY SECRETARY

പകർപ്പ്

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,തിരുവനന്തപുരം

സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗങ്ങൾക്ക് (മിഷൻ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ